പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3448 15-03-2018-ൽ മറുപടിക്ക്**

**സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും വാഹനങ്ങൾ വാങ്ങുന്നതിന് ഉത്തരവ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.എം. കെ.മുനീർ | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നിലവിൽ വന്ന സാഹചര്യത്തിൽ, വാണിജ്യ നികുതിവകുപ്പിലെ ഉദ്യോഗസ്ഥരുടെ ജോലിഭാരം കുറഞ്ഞിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | എങ്കിൽ പ്രസ്തുത വകുപ്പിൽ പുതിയ വാഹനങ്ങൾ വാങ്ങേണ്ടതുണ്ടോ; | ബി) | പുതിയ വാഹനങ്ങൾ വാങ്ങാനുള്ള നിർദ്ദേശം പരിഗണനയിൽ ഇല്ല. |
| (സി) | സ.ഉ.(സാധാ)നം. 3818/2017/ധന.തീയതി 4/5/2017 പ്രകാരം അറുപത്തേഴ് മഹേന്ദ്ര ബൊലേറോ എ.സി. വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയത് എന്ത് അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ; | (സി) യും (ഡി) യും | ഒന്നര ലക്ഷം കിലോമീറ്ററിൽ കൂടുതൽ ഓടിയിട്ടുള്ളതിനാലും ഇന്റലിജൻസ് വിംഗിന്റെ ഉപയോഗത്തിന് അനുയോജ്യമല്ലാത്തതായതിനാലും വാഹന പരിപാലനത്തിന് അധികചെലവുണ്ടാകും എന്നതിനാലും ഇന്റലിജൻസ് സ്ക്വാഡിന്റെ സുഗമമായ പ്രവർത്തനത്തിനു വേണ്ടിയാണ് 67 വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയത്. |
| (ഡി) | സംസ്ഥാനം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോൾ ഇത്തരത്തിൽ വാഹനങ്ങൾ വാങ്ങുന്ന നടപടി പുന:പരിശോധിക്കുമോ? | | |

സെക്ഷൻ ഓഫീസർ